DISPATCHED
28/01/22

30/1/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.1136 (5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9261 /SIC-G7/2019**

ഉത്തരവ് തീയതി : 30.12.2021

സന്നിഹിത
ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ സി.പി.രാഘവൻ,
ചെറുവള്ളിപ്പടി (എച്ച്), മേക്കപ്പാല, അരുവപ്പാറ പി.ഒ,
പെരുമ്പാവൂർ, എറണാകുളം – 683 545. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വേങ്ങൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
വേങ്ങൂർ പി.ഒ, കുറുപ്പംപടി വഴി, എറണാകുളം – 683 546.

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 03.12.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 20.12.2018 |
| ഒന്നാം അപ്പീൽ | 20.01.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.03.2019 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 23.05.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 10.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ വിവരാവകാശ നിയമം 2005 പ്രകാരമുള്ള നോട്ടീസ് ബോർഡിൽ ശരിയായ വിവരം എഴുതിചേർക്കേണ്ട അധികാരിയുടെ പേരുവിവരം ലഭ്യമാക്കണം, ടി ബോർഡിൽ എ.പി.ഐ.ഒ യുടെ പേര് തെറ്റായി എഴുതിയതിന് ആരാണ് ഉത്തരവാദി എന്നതുമായി ബന്ധപ്പെട്ട് 8 വിവരങ്ങൾ ആവശ്യപ്പെട്ടതിന് 20.12.2018 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 20.01.2019 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 05.03.2019 ൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾക്ക് തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തിനാൽ അപ്പീൽ സമർപ്പിച്ചുവെങ്കിലും അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരി എസ്.പി.ഐ.ഒ യുടെ മറുപടി ശരിവച്ചുകൊണ്ട് ഏകപക്ഷീയമായി അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തതെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് 20.12.2018 ൽ എ-5572/2018 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേൽ 05.03.2019 ലെ എ.ഡി.പി-ഇ.കെ.എം-39-2019 കെ.ഡിസ് പ്രകാരം ഉത്തരവ് നൽകുകയും ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം 03.12.2018 ലെ അപേക്ഷയിലെ 2,3 ചോദ്യങ്ങൾക്ക് ഓഫീസ് നോട്ടീസ് ബോർഡിൽ തെറ്റായ വിവരങ്ങൾ വന്നുപോയ സാഹചര്യങ്ങൾ വിശദമാക്കി മറുപടി നൽകിയിട്ടുണ്ടെന്നും നിലവിൽ വിവരാവകാശം സംബന്ധിച്ച ബോർഡ്, ജീവനക്കാരുടെ ഹാജർ നില സംബന്ധിച്ച ബോർഡ് എന്നിവ കാലികമാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം

വ്യക്തമായി നൽകിയിട്ടുണ്ടെന്ന എസ്.പി.ഐ.ഒ യുടെ മൊഴി കമ്മീഷൻ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn